# ചരിത്രത്തെ വീണ്ടെടുക്കുക

**പി. സോമനാഥൻ**

മലയാളവിഭാഗം,
കാലിക്കറ്റ് യൂനിവേഴ് സിറ്റി.

മലയാളം എഴുത്തുരീതി ഏകീകരിക്കുന്നതിനെക്കുറിച്ചുള്ള ചർച്ചയിൽ സന്തോഷ് തോട്ടിങ്ങൽ ഉന്നയിക്കുന്ന പ്രശ്നങ്ങൾ മിക്കതും ലിപിതലത്തിലുള്ളവയാണ്. അത്തരം അവ്യവസ്ഥിതികൾ രൂപപ്പെടുന്നതു് ലിപിപരി-ഷ്ക്കരണങ്ങളുടെ ഫലമായാണ്. അച്ചടിയിൽ അച്ചുനിരത്തുന്ന ആളുടെ ജോലിഭാരം കുറയ്ക്കാനും വേഗത കൂട്ടാനുമാണ് ലിപിപരിഷ്ക്കരണം നടത്തിയതു് . കൌമാരം എന്നതിൽനിന്ന് ഒരു ചിഹ്നം കുറച്ചാലും വായി-ക്കാൻ പ്രയാസമൊന്നുമില്ല. /ൌ/ എന്ന ചിഹ്നം ഇ, ഉ എന്നിവയുടെ ദീർഘം കാണിക്കാൻ കൂടി ഉപയോഗിക്കു-ന്നുണ്ട്. എന്നാൽ സ്വരങ്ങളോടൊപ്പമല്ലാതെ വ്യഞ്ജനങ്ങളിൽ ചേരുന്ന ഇകാരത്തിന്റെയും ഉകാരത്തിന്റെയും ദീർഘം കീ, കൂ എന്നിങ്ങനെ മറ്റു ചിഹ്നങ്ങൾകൊണ്ടാണ് കുറിക്കുന്നതു്. അതായതു് സ്വരങ്ങളുടെ ലിപിമങ്ങ-ളിൽ (ഒറ്റയ്ക്കു നില്ക്കുന്നിടത്തു് ) മാത്രമേ /ൗ/ ദീർഘത്തെ കുറിക്കുന്നുള്ളൂ. ഉപലിപിയായി (ഏതെങ്കിലു ഒരു വ്യഞ്ജനലിപിയോടു് ചേർന്നു നില്ക്കുന്നത്തിടത്തു് ) വരുമ്പോൾ അതിനു സ്വരദീർഘം കാണിക്കുക എന്ന ധർമ്മമില്ല. അതുകൊണ്ടു് ഔ എന്നതിന്റെ ഉപലിപിയായി ഉപയോഗിക്കുന്ന /-ൌ/ ചിഹ്നത്തിലെ //െ ഉപേക്ഷിച്ചാലും അതിനെ തിരിച്ചറിയുന്നതിൽ ഒരു കുഴപ്പവുമുണ്ടാകില്ല. ഇക്കാരണത്താൽ ഒരു ചിഹ്നം കുറയ്-ക്കാനായാൽ അതു എഴുത്തിനെ എളുപ്പമാക്കും; വായനയിൽ കുഴപ്പങ്ങളൊന്നും വരുത്തുകയുമില്ല എന്ന യുക്തി-യാവും എൻ. വി.കൃഷ്ണവാരിയരുടെ നേതൃത്വത്തിലുള്ള ലിപിപരിഷ്ക്കർത്താക്കൾ സ്വീകരിച്ചിട്ടുണ്ടാവുക .

പഴയരൂപം ഉപയോഗിക്കാൻ പാടില്ല എന്ന കാർക്കശ്യം അവർ സ്വീകരിച്ചില്ല. ഈ ഉദാസീനതയാണ് പില്-ക്കാലത്തും രണ്ടുരൂപങ്ങളും വരുന്നതിന് കാരണം. ഒരു പക്ഷെ പഴയ എഴുത്തുകളെ വായിക്കുമ്പോൾ ഇതു് പ്ര-ശ്നമുണ്ടാക്കരുതു് എന്നാവാം ഈ ഉദാസീനത സ്വീകരിക്കാൻ കാരണം . ഇകാരദീർഘത്തിന് പണ്ടുപയോ-ഗിച്ചിരുന്ന ചിഹ്നം ിം എന്നാണെന്ന് അത്തരം ഒരു പുസ്തകം വായിക്കുമ്പോൾ തിരിച്ചറിയാവുന്നതേയു -ള്ളൂ. അതുകൊണ്ടു് രണ്ടുരൂപങ്ങളും ഉപയോഗിക്കാമെന്ന തീരുമാനം പഴയരീതിയിൽ ശീലിച്ചവരെ പരിഗണി-ക്കുന്നുണ്ടെങ്കിലും പുതുതായി പഠിക്കുന്നവരെ ആശയക്കുഴപ്പത്തിലാക്കുമെന്നതിൽ സംശയമില്ല. അതാണ് ഇക്കാര്യത്തിൽ പ്രതീക്ഷിക്കാതെയാണെങ്കിലും ലിപിപരിഷ്ക്കർത്താക്കൾക്ക് പറ്റിയ പിശക് .

ഹെൻറി എന്നെഴുതിയാൽ ഹെന്റി എന്നു വായിക്കാമെന്ന കുഴപ്പവും കാററിംഗ് എങ്ങനെ വായിക്കണമെന്ന കുഴപ്പവും ഒഴിവാക്കാനാണ് /ന്റ/ എന്നും /റ്റ/ എന്നും ഉള്ള രൂപങ്ങൾ ഉപയോഗിക്കുന്നതു്. അവയെ സാർവ്വത്രിക-മായി ഉപയോഗിക്കുകയാവും വിദേശഭാഷാപദങ്ങളെ കൂടുതൽ ഉപയോഗിക്കുതിന് ഉപകാരപ്പെടുക. ലിപിസം-ഖ്യ കുറയ്ക്കുക ഇന്നൊരാവശ്യമല്ല. ലിപികളെ ഏകീകരിക്കുകയാണ് ഇന്ന് ആവശ്യമായിട്ടുള്ളതു് .

കൃഷ്ണവാരിയരുടെ നേതൃത്വത്തിലുള്ള ലിപിപരിഷ്ക്കരണം ലിപിതലത്തിൽ ഒതുങ്ങാത്ത നടപടികളും കൈക്കൊണ്ടിട്ടുണ്ട്. ചില്ലക്ഷരത്തിനുശേഷം വരുന്ന വ്യഞ്ജനങ്ങൾ ഇരട്ടിക്കാതെ ഉച്ചരിക്കാൻ കഴിയില്ല എന്നതിനാൽ എഴുത്തിൽ ഇരട്ടിപ്പ് പ്രത്യേകം കാണിക്കേണ്ടതില്ല എന്നതു് അത്തരത്തിൽപ്പെടുന്ന ഒന്നാണ് . മാർകഴി, വളർമതി തുടങ്ങിയ എതിർതെളിവുകൾ (എതിർത്തെളിവുകൾ വേണമെന്നില്ല) വിഷ്ണുനാരായ-ണൻ നമ്പൂതിരി നിരത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ ഈ പരിഷ്ക്കരണം അച്ചടിയെ ഒരുവിധത്തിലും ലഘൂക-രിക്കുന്നില്ല. ചർക എന്ന് അച്ചടിക്കാനും ചർക്ക എന്നച്ചടിക്കാനും മൂന്നു ചിഹ്നങ്ങൾ വേണം./ക/യുടെ കള്ളി-യിൽനിന്നാണോ /ക്ക/യുടെ കള്ളിയിൽനിന്നാണോ എടുക്കേണ്ടതു് എന്നു മാത്രമേ ഇവടെ പ്രശ്നമുള്ളൂ . രണ്ടാ-യാലും അദ്ധ്വാനം തുല്യം. മാത്രമല്ല ഇരട്ടിച്ച വ്യഞ്ജനങ്ങൾ ഉപേക്ഷിക്കാൻ ഈ പരിഷ്ക്കരണംകൊണ്ടു കഴിയുന്നില്ല. ചില്ലിനു ശേഷമല്ലാതെ ഇരട്ടിപ്പ് ഭാഷയിൽ പതിവുണ്ടല്ലോ. അതിനാൽ ഭാഷയുടെ ലിപിവ്യവ-സ്ഥയെ ഇതു് ഒരുവിധത്തിലും ലഘൂകരിക്കുന്നില്ല. വിദ്യാഭ്യാസമേഖലയിൽ ധാരാളം കുഴപ്പങ്ങളുണ്ടാകാൻ ഈ പരിഷ്ക്കാരം കാരണമായിട്ടുണ്ട് എന്ന കാര്യം വളരെയൊന്നും ശ്രദ്ധിച്ചിട്ടില്ല . അവിടെയും രണ്ടുരൂപവും ആവാം എന്നാണ് തീർപ്പ്.

അകാരത്തിനുശേഷം വരുന്ന /ക്ക/ രണ്ടുതരത്തിൽ വരാം. മറക്കുക/മറയ്ക്കുക എന്നിങ്ങനെ. മറ്റെല്ലായിടത്തും എനിക്ക്/എനിയ്ക്ക് എങ്ങനെയെഴുതിയാലും എനിയ്ക്ക് എന്നേ വായിക്കൂ . ഉത്തരമലബാറിൽ എനക്ക് എന്നാണ് പറയുക. അവിടെ /ക്ക/യല്ല അതിനുമുമ്പത്തെ /ഇ/ എന്ന സ്വരം മാറി /അ/ എന്നാകുന്നതാണ് ഉച്ചാരണവ്യത്യാസത്തിനു കാരണം. അങ്ങനെ/അങ്ങിനെ എന്നിങ്ങനെ ഈ മാറ്റത്തിന് വേറെയും ഉദാഹര-

ണം കാണാം. അകാരത്തിന്റെ ഈ ധ്വനിമൂല്ല്യത്തെയാണ് ശുദ്ധമായ അകാരം താലവ്യമായ അകാരം എന്നിങ്ങനെ കേരളപാണിനി വേർതിരിക്കുന്നത്. അതുകൊണ്ട് അകാരത്തിനുശേഷം വരുന്ന /ക്ക/ മാത്രമേ /യ്ക്ക/ ആണോ അല്ലയോ എന്ന സംശയം ജനിപ്പിക്കുന്നുള്ളൂ. അവിടെ മാത്രം എഴുതിക്കാണിച്ചാലും മതി എന്ന തീർപ്പാക്കി. അല്ലാത്തിടത്ത് എഴുതിക്കാണിച്ചാലും പ്രശ്നമൊന്നുമില്ല എന്ന് സമീപനം ഉദാരമാണ് . അതുകൊണ്ട് ചൊവ്വാദോഷത്തിലും മറ്റും പറയുന്ന രണ്ടും ശരി എന്ന ന്യായം മിക്കതും ലിപിപരിഷ്ക്കരണത്തിന്റെ പരിണിതഫലമാണ്. എന്നാൽ ചുവപ്പ്, ചുമപ്പ്, ചുകപ്പ് എന്നിങ്ങനെ ശരിയായിത്തന്നെ വരുന്ന പല രൂപങ്ങൾ മറ്റൊരു പ്രതിഭാസമാണ്. സ്വതന്ത്രപരിവർത്തനം എന്നാണ് അതിനെ വിവരിക്കുന്നത്. അത്തരം രൂപങ്ങൾ എല്ലാം വേറെവേറെ നൽകേണ്ടിവരും സ്പെൽ ചെക്കിൽ. ലിപിപരിഷ്ക്കരണത്തെത്തുടർന്നുണ്ടായ 'രണ്ടുംശരി'കളിൽ ഒന്നു മാത്രമേ പാടുള്ളൂ എന്നു ശഠിക്കുന്നതായിരിക്കും ഏകീകരണത്തിന് നല്ലത്. വ്യത്യാസങ്ങൾ കഴിയുന്നത്ര വ്യക്തമാക്കുക എന്ന നയം സ്വീകരിക്കാമെന്നു തോന്നുന്നു. അതിന് പഴയലിപിബാഹുല്ല്യം തിരിച്ചുകൊണ്ടുവരാവുന്നതാണ് ഇന്നത്തെ സാഹചര്യം.

എൻ ്. വി.യുടെ കാലത്ത് സങ്കല്പിക്കാൻ കഴിയാത്ത കമ്പ്യൂട്ടർ പ്രിന്റിംഗ് ഇന്നു വ്യാപകമായിക്കഴിഞ്ഞിരിക്കുന്നു. വെബ്സൈറ്റുകളും ബ്ലോഗുകളും മറ്റും വ്യാപകമായിക്കൊണ്ടിരിക്കുന്നു. ഇന്റർനെറ്റിന്റെ ഇക്കാലത്ത് ഒരുരീതിമാത്രം ഉപയോഗിക്കുക എന്ന കടുംപിടുത്തം ഭാഷയെ വ്യവസ്ഥപ്പെടുത്താൻ അത്യാവശ്യമായിരിക്കുന്നു. കാരണം അക്ഷരങ്ങളുടെ ലിപിസംഖ്യ കൂടുന്നത് ഇന്ന് അച്ചടിയിൽ പ്രത്യേകിച്ച് പ്രയാസങ്ങളൊന്നുമുണ്ടാക്കുന്നില്ല. ഒരക്ഷരത്തിനു ഒരു ചിഹ്നം എന്ന സമ്പ്രദായം മുമ്പ് പ്രയാസകരമായിരുന്നെങ്കൽ ഡിജിറ്റൽ യുഗത്തിൽ അത് വളരെ സൗകര്യപ്രദമാവുകയാണ് ചെയ്യുന്നത് . ഓരോ അക്ഷരത്തിന് ഓരോ ചിഹ്നം എന്നു മാത്രമല്ല ഒരക്ഷരത്തിന് ഒരു ചിഹ്നം മാത്രം എന്നതാണ് ഡിജിറ്റൽ ഉപയോഗത്തിന് നല്ലത്. കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്യുമ്പോൾ കയ്യെഴുത്തിന്റെ അതേക്രമം പിന്തുടരുകയല്ല ചെയ്യുന്നത്. /കോ/ എന്നെഴുതുമ്പോൾ ആദ്യം //േ എഴുതിയിട്ട് /ക/ എന്നു ചേർത്ത് /ാ/ എന്നു തുടരുകയാണ് രീതി. കീബോർഡിലാകുമ്പോൾ /ക/ അടിച്ചിട്ട് /ഓ/ എന്നു ചേർക്കുകയാണ് ചെയ്യുന്നത്. കയ്യെഴുത്തിന്റേതല്ലാത്ത ചില നിയമങ്ങളെയാണ് അത് പിന്തുടരുന്നത് . ദൃശ്യമാകുന്ന ക്രമമല്ല സ്വനത്തിന്റെ ഉച്ചാരണത്തിന്റെ ക്രമമാണ് കമ്പ്യൂട്ടർ ടൈപ്പിംഗ് പിന്തുടരുന്നത്. കയ്യെഴുത്തിനേക്കാൾ വ്യാകരണപരമാണത് എന്നോർക്കണം.

ലിപിപരിഷ്ക്കരണം ഉണ്ടാക്കാവുന്ന ഏറ്റവും വലിയ പ്രശ്നം അതുവരേയ്ക്കും എഴുതപ്പെട്ട എല്ലാത്തിനെയും ഒരതിർവരയ്ക്ക് അപ്പുറത്തേക്കയ്ക്ക് അത് മാറ്റിനിർത്തും എന്നുള്ളതാണ് . സംസ്ക്കാരത്തിന്റെ ചരിത്രധാരയെ മുറിച്ചുകളയുകയുയാവും അതിന്റെ ഫലം. ഇംഗ്ലീഷിലെ ലിപികൾ ഉപയോഗിച്ച് മലയാളമെഴുതുന്ന രീതിയെക്കുറിച്ച് എം.പി. നാരായണപ്പിള്ള പറയുകയുണ്ടായി. മലയാളത്തിന്റെ പാരമ്പര്യത്തെ ഉപേക്ഷിക്കുന്ന അത്തരം പരിഷ്ക്കരണത്തേക്കാൾ നല്ലത് മലയാളത്തിനു പകരം മറ്റൊരു ഭാഷ സ്വീകരിക്കുന്നതാവും. രണ്ടും ശരിയെന്ന ഉദാരമായ നിലപാട് സ്വീകരിച്ചിരുന്നില്ലെങ്കിൽ ഒരു പക്ഷെ പഴയപുസ്തകങ്ങളെ പുതിയ കുട്ടികൾക്ക് വായിക്കാനേ കഴിയുമായിരുന്നില്ല . അല്ലെങ്കിൽ അവയത്രയും പുതിയ ലിപിയിൽ വീണ്ടും ഉണ്ടാക്കേണ്ടിവരും. അത്തരം ഭാരിച്ച അദ്ധ്വാനം, എത്രയോ വർഷങ്ങൾകൊണ്ട് ഉണ്ടായ ലിഖിതസാഹിത്യമത്രയും പുനരവതരിപ്പിക്കുക കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ മഹാഭാരതവിവർത്തനത്തെക്കാളും വലിയ പണിയാണല്ലോ ആവശ്യപ്പെടുന്നത്. അതിലും നല്ലത് രണ്ടുരൂപവും നിലനിർത്തുകയാണ്. എന്നാൽ ഇന്ന് ഈ അദ്ധ്വാനം ലഘൂകരിക്കാവുന്ന തരത്തിൽ സാങ്കേതികവളർച്ച ഉണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് ഇനിമുതൽ ലിപിപരിഷ്ക്കരണത്തിന് മുമ്പുണ്ടായിരുന്ന ലിപികൾ മാത്രമേ ഉപയോഗിക്കുകയുള്ളൂ എന്നു നാം , മലയാളികളെല്ലാം കൂടി, തീരുമാനിച്ചുവെന്നിരിക്കട്ടെ. `രചന'യിൽ പഴയ കൂട്ടക്ഷരങ്ങളും ഉകാരത്തിന്റെ വ്യത്യസ്തലിപികളും എല്ലാം ഉണ്ട്. പഴയിപി സ്വീകരിച്ചാൽ ലിപിപരിഷ്ക്കരണത്തെത്തുടർന്നുണ്ടായ ലിഖിതസാഹിത്യം മുഴുവനും പഴയലിപിയിൽ അച്ചടിക്കണം. അതിന് റീ ടൈപ്പിംഗ്തന്നെ വേണമെന്നില്ല . ഡിജിറ്റലായി ലഭിക്കുന്നതു മുഴുവനും പഴയ ലിപിവ്യവസ്ഥയിലേയ്ക്കു മാറ്റാനുള്ള ഒരു കമ്പ്യൂട്ടർ പ്രോഗ്രാം ഉണ്ടായാൽ മതി. ഡിജിറ്റൽ മാദ്ധ്യമത്തിൽ ലഭ്യമല്ലാത്തവമാത്രം റീടൈപ്പു ചെയ്യേണ്ടിവരും. ഐ.എസ്.എമ്മിൽനിന്ന് രചനയിലേക്കും യൂണിക്കോഡിലേക്കും മറ്റും കൺവെർഷൻ സാദ്ധ്യമാണെന്ന് കഴിഞ്ഞ ലക്കത്തിൽ മഹേഷ് മംഗലാട്ട് വിവരിക്കുന്നുണ്ട്. ചുരുക്കത്തിൽ മലയാളത്തിലെ മുഴുവൻ ടൈപ്പിംഗ് സോഫ്റ്റ് വെയറുകളും പരസ്പ രം മാറ്റാനുള്ള ഒരു സംവിധാനം രൂപപ്പെടുത്തണം. അതു യൂണിക്കോഡിനെ ആധാരമാക്കിയാവണം.

ഇത്തരത്തിൽ പഴയലിപിയിലേക്ക് തിരിച്ചുപോകാമെന്ന് ആലോചിക്കാൻ പറ്റുന്നതുതന്നെ രണ്ടുംശരിയെന്ന നിലപാട് പരിഷ്ക്കർത്താക്കൾ സ്വീകരിച്ചതുകൊണ്ടാണ്. എങ്കിൽപ്പിന്നെ ഏകീകരണത്തെക്കുറിച്ച് ആലോചിക്കേണ്ടുന്നതിന്റെ ആവശ്യമെന്താണ്. ലിപിപരിഷ്ക്കർത്താക്കളുടെ ഉദ്ദേശത്തിനു വിരുദ്ധമായി ധാരാളം അവ്യവസ്ഥകൾ മലയാളമെഴുത്തിൽ രൂപപ്പെടുന്നവിധത്തിലാണ് സമൂഹം അതു നടപ്പിലാക്കിയത്. പ്രധാനമായും വിദ്യാഭ്യാസമേഖലയിലാണ് ഇതു സംഭവിച്ചത്. രണ്ടുംശരി എന്ന ഭാഷാചരിത്രത്തിലെ ചെറിയ ഒരു കാലഘട്ടത്തെ മാത്രമേ നാം തിരിച്ചുപിടിക്കേണ്ടതുള്ളൂ. ചരിത്രത്തിൽനിന്നു വിച്ഛേദം വരുന്നത് ഒരു

സമൂഹത്തിനു ഗുണകരമാവുകയില്ല.

പഴയലിപി എന്നു പറയാനെളുപ്പമാണ്. അച്ചടി തുടങ്ങിയകാലം മുതൽ 1974-ൽ ലിപിപരിഷ്ക്കരണം നടപ്പ-ലാകുന്നതുവരെ ഒരേ ലിപിവ്യവസ്ഥയല്ല നമുക്കുണ്ടായിരുന്നത്. ബെഞ്ചമിൻ ബെയിലിതന്നെ ഒരു ലിപിപരിഷ്-ക്കരണത്തോടെയാണ് അച്ചടിയെ നേരിട്ടത്. അതുകൊണ്ട് ഇനിയൊരു ലിപിരിഷ്ക്കക്കരണം , അതു തിരി-ച്ചുപോക്കാണെങ്കിൽക്കൂടി, നടത്തുമ്പോൾ അടിസ്ഥാനമാക്കേണ്ടതു് യൂണിക്കോഡിനെയാണ്. നാളെ ഇന്ത്യൻ ഭാഷയിലെ ഒരു കൃതി മലയാളലിപിയിൽ ലഭിക്കാനുള്ള സൗകര്യം ഉണ്ടായെന്നു വരാം. ഭാവിയിൽ ഉണ്ടാകുന്ന അത്തരം സംവിധാനങ്ങൾ ആശ്രയിക്കുക യൂണിക്കോഡിനെയാവും എന്നു കരുതാം.

സംവൃതോകാരത്തെക്കുറിച്ചുള്ള ഉല്ക്കണ്ഠയും ലിപിപരിഷ്ക്കരണത്തിന്റെ ഫലംതന്നെയാണ് . പക്ഷെ കുറ-ച്ചുകൂടി സങ്കീർണ്ണമാണത്. യൂണിക്കോഡിൽ അതുൾപ്പെടുത്തണമോ എന്ന ചർച്ച ഓർമ്മിക്കുക. ചന്ദ്രക്കലാചി-ഹ്നത്തിന് രണ്ടു തരത്തിലുള്ള ഉപയോഗം പണ്ടേ ഉണ്ടായിരുന്നു. സ്റ്റൈൽ പുസ്തകത്തിലും മറ്റും ചന്ദ്രക്കലാ-ചിഹ്നത്തെ സംവൃതോകാരം എന്നാണ് കരുതിയിരിക്കുന്നത്. ചന്ദ്രക്കലാചിഹ്നവും സംവൃതോകാരവും തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. ചന്ദ്രക്കല ലിപിയില്ലാതെ ഉപലിപിയായി മാത്രമാണ് നിലകൊള്ളുന്നത്. സംവൃതോ-കാരമാകട്ടെ വ്യഞ്ജനത്തിൽ നേരിട്ടു ചേരുകയല്ല ഉകാരത്തിന്റെ ഉപലിപിയോട് ചേർന്നാണ് വരുന്നത് . ഈ ചിഹ്നമാവും മലയാളത്തിൽ വളരെ പിന്നീട് രൂപപ്പെട്ടിരിക്കുക. അകാരാന്തമായിത്തന്നെ അതെഴുതിയി-രുന്നു എന്നാണ് പഴയ ചില പുസ്തകങ്ങൾ കാണിക്കുന്നത് . ഹിന്ദിയിൽ പദാന്ത്യത്തിൽ സ്വരം തെളിയാ-തെയാണ് വായിക്കുക. കല എന്നെഴിതിയാൽ കൽ എന്നു വായിക്കും. മലയാളത്തിൽ അത്തരം ശീലങ്ങളെ തിരിച്ചുകൊണ്ടുവരാൻ ഇന്നു നമുക്ക് സാധിക്കില്ല.

ലിപിവികാസത്തിന്റെ ഒരു ഘട്ടത്തിൽ പുതിയ ചില്ലക്ഷരങ്ങൾ ആവശ്യമായി വന്നപ്പോൾ സ്വീകരിച്ച രീതി-യാവാം കൂട്ടക്ഷരങ്ങളിലേക്കും സംക്രമിച്ചത്. അപൂർവ്വമായ കൂട്ടക്ഷരങ്ങൾ എഴുതാനായി രണ്ടു വ്യഞ്ജനലിപികളെ ചന്ദ്രക്കലകൊണ്ട് ചേർത്തെഴുതുന്നരീതി അങ്ങനെ വന്നതാവാം. സാധാരണമായി കൂട്ട-ക്ഷരങ്ങൾ എഴുതുമ്പോൾ ആദ്യവ്യഞ്ജനത്തിന്റെ ആദ്യപകുതിയും തുടർന്ന് രണ്ടാം വ്യഞ്ജനത്തിന്റെ രണ്ടാം പകുതിയും കൂട്ടിയെഴുതുന്നതാണ് മലയാളത്തിന്റെ രീതി. /ക്ത/, /ത്ഥ/, /ന്ത/, /ജ്ജ/ എന്നിങ്ങനെ. ആദ്യവ്യഞ്ജനത്തിന്റെ അടിയിൽ രണ്ടാം വ്യഞ്ജനം അപ്പാടേ എഴുതുന്ന രീതിയും ഉണ്ട്. /പ്ല/, /ഷ്ല/, /സ്സ/, /ഡ്ഡ/ എന്നിങ്ങനെ. രണ്ടു വ്യഞ്ജനങ്ങൾ പരസ്പരം തൊടാതെ അപ്പാടേ എഴുതുന്ന രീതി ചന്ദ്രക്കലാചിഹ്നം വന്നതോടെയാണ് നടപ്പിൽ വരുന്നതെന്ന് അത്തരം ലിപികൾ അപൂർവ്വമാണെന്ന -തിൽ നിന്ന് ഊഹിക്കാം.

ചില്ലക്ഷരങ്ങളുടെ ലിപികൾ രൂപപ്പെട്ടതു് എഴുത്തിലെ ഒരു പരിണാമം കൊണ്ടാണ് എന്നു കരുതപ്പെട്ടു-ന്നു. /ത/യുടെ ചില്ലാണ് /ൽ/ എന്നും /ട/യുടെ ചില്ലാണ് /ൾ/ എന്നും കാണാം. സംസ്കൃതത്തിലെ തകാരത്തി-ന്റെ സ്ഥാനത്തു് മലയാളത്തിൽ /ൽ/ ഉപയോഗിക്കുന്നതിന്, ഉത്സവം/ ഉൽസവം, എന്നിവ തെളിവാണ്. ചി-ല്ലെന്നാൽ സ്വരസ്പർശമില്ലാതെ ഉച്ചരിക്കാൻ കഴിയുന്ന വ്യഞ്ജനമാണല്ലോ . അതിനെ വേറിട്ടു കാണിക്കാൻ അതാതു് വ്യഞ്ജനത്തിന് മേലെ കുത്തനെ ഒരു കുറിയവരയിടുകയായിരുന്നു പഴയ രീതി . ഗുണ്ടർട്ട് പറയുന്ന മീത്തൽ ഇതാണ്. മീത്തലെ (മുകളിലെ എന്നതിന്റെ വടക്കൻ പ്രയോഗം) കുറിയ വരയാണ് പിന്നീട് മീത്തൽ എന്നു വിളിക്കപ്പെട്ടതു്. /ത/യുടെമേലെയുള്ള കുറിയവര എഴുത്തിന്റെ വേഗത്തിൽ ചേർന്നുപോവുന്നതാവാം /ൽ/ ആയി പരിണമിച്ചത്. ന-ൻ, ണ-ൺ, ര/റ-ർ എന്നിങ്ങനെയുള്ള രൂപങ്ങളിലും ഇതു സാദ്ധ്യമാണ്. /ര/, /റ/ ഇവ-യ്ക്ക് പൊതുവായ ഒരു ചില്ലുരൂപം വന്നതും ഇങ്ങനെയാവാം . കടപയാദി എന്ന അക്ഷരസംഖ്യാരീതിയിൽ ശ്ര എന്ന അക്ഷരം രണ്ടിനെയാണ് കുറിക്കുന്നത്. കൂട്ടക്ഷരങ്ങളിൽ അവസാനത്തെ വ്യഞ്ജനത്തെയാണ് സം-ഖ്യയായി പരിഗണിക്കുക എന്നതിനാൽ ശ്രയെ ശ്+ര എന്നാണ് കണക്കാക്കിയിരിക്കുന്നത്. യ=1, ര=2, ല=3 എന്നാണ് ക്രമം. ശ്+റ എന്നാണ് കരുതുന്നതെങ്കിൽ /റ/യുടെ മൂല്യം പൂജ്യമാണെന്നു ഗണിക്കേണ്ടിവ-രും. /ര/, /റ/ ഇവ വ്യഞ്ജനങ്ങൾക്ക് പിന്നിൽച്ചേരുമ്പോൾ ഒരേ ധ്വനി എന്നതു പിന്നീടു വന്ന മാറ്റമാവാം . സ്വരമില്ലാത്ത വ്യഞ്ജനത്തെ കാണിക്കുന്ന മീത്തൽ /ട/ യുടെ കൂടെ വരുമ്പോഴാണ് /ൾ/ കിട്ടുന്നത്. പഴയകാലത്തെ കയ്യെഴുത്തുകളിൽ അതു 8 എന്നെഴുതിയപോലെയാണ് കാണുന്നത്. സാമ്രാട് എന്നസംസ്കൃതശബ്ദം സാമ്രാട്ട് എന്നും സാമ്രാൾ എന്നും കാണുന്നത് മറ്റൊരു തെളിവാണ് . അതു പിന്നീട് ചന്ദ്രക്കലയായി വളഞ്ഞതാവാം. /യ/, /ല/, /വ/ തുടങ്ങിയ മദ്ധ്യമങ്ങൾക്ക് സ്വതന്ത്രമായ ചില്ലുരൂപങ്ങൾ ഉണ്ടാവാതെപോയതു് അതിനുമുമ്പേ ഈ പരിണാമം നടന്നതുകൊണ്ടാവാം. അങ്ങനെ രൂപപ്പെട്ട ചന്ദ്രക്കലാ-ചിഹ്നത്തിന് ഒരധികജോലികൂടി നല്കി സംവൃതോകാരം ഉണ്ടാക്കിയിരിക്കും .

സംവൃതോകാരം ഉകാരത്തിന്റെ ഉപലിപിക്കു മുകളിലാണ് ചേർക്കുന്നതെങ്കിലും അതിൽ സംവരിക്കലും ഉകാരവുമില്ല എന്ന് വി. ആർ†. പ്രബോധചന്ദ്രൻ നായരെപ്പോലുള്ളവർ ചെറിയ പരിഹാസത്തോടെതന്നെ പറഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ അത് കേന്ദ്രസ്വരമാണത്രെ. /അ/, /ഉ/ ഇവ രണ്ടുമല്ലാത്ത ആ സ്വരത്തെ

കാണിക്കാൻ പണ്ട് /ഉ/ എന്നതന്നെ വ്യക്തമായി എഴുതുന്ന പതിവുണ്ടായിരുന്നു. മൂന്നുപേർ എന്നാണ് പഴയ എഴുത്തുരീതി. പദാന്ത്യത്തിൽ മാത്രമല്ല പദമദ്ധ്യത്തിലും ചിലപ്പോൾ അതിന് ഉകാരദ്ധ്വനിയില്ല. കട്ടക് എന്നെഴുതിയാലും കട്ട്ക് എന്നേ പറയൂ . ഉച്ചാരണത്തിന്റെ ധ്വനി എന്തായാലും അത് ഉകാരമല്ലെന്നതിനാൽ അതിനെ വേറിട്ടു കാണിക്കാനാവാം എഴുതിയ ഉകാരത്തോട് ചേർത്ത്ചില്ലിന്റെ ഈ ചിഹ്നം ഉപയോഗിച്ചത് . എഴുത്തുരൂപം കണ്ടാവാം സംവൃതോകാരം എന്നപേര് കേരളപാണിനി കല്പിച്ചത്. അതിന്റെ ധ്വനി അദ്ദേഹത്തിന് കണ്ടുപിടിക്കാൻ കഴിഞ്ഞില്ലെന്നു കരുതുകവയ്യ. ഭാഷയിൽ സംവൃതോകാരം പദങ്ങളുടെ അന്ത്യത്തിൽ മാത്രമാണ് കണ്ടു വരുന്നത്. അതുകൊണ്ട് അപൂർവ്വമായ കൂട്ടക്ഷരങ്ങളുടെ മദ്ധ്യത്തിൽ മാത്രം ഉകാരമില്ലാതെവരുമ്പോൾ ഇത് ചില്ലിനെ കുറിക്കുന്നത് പ്രയാസമുണ്ടാക്കിയിരുന്നില്ല . എന്നാൽ ലിപിപരിഷ്ക്കരണം പിന്നീടുപിന്നീട് കൂട്ടക്ഷരങ്ങളെ മുഴുവൻ പിരിച്ചെഴുതുന്ന രീതി ആവിഷ്ക്കരിച്ചു . ചന്ദ്രക്കലാചിഹ്നത്തിന്റെ ആവൃത്തി പതിന്മടങ്ങായി. അതോടൊപ്പം സംവൃതോകാരമെഴുതാൻ ഉകാരചിഹ്നം ചേർക്കേണ്ടതില്ല എന്നും തീരുമാനമായതോടെ ഇവ തമ്മിലുള്ള വ്യത്യയം ഇല്ലാതായി. സ്വരമേത് ചില്ലേത് എന്ന് തിരിച്ചറിയാൻ പ്രയാസമായി. പ്രശ്നങ്ങൾ സങ്കീർണ്ണമായി.

നേരത്തെ പറഞ്ഞപോലെ പഴയലിപിരീതിതന്നെ സ്വീകരിച്ചാൽ ഇതും പരിഹരിക്കാവുന്നല്ലേ എന്നുതോന്നും. ലിപിപരിഷ്ക്കരണം നേരിട്ടുത്തരവാദിയല്ലെങ്കിലും, അതിനെത്തുടർന്നുണ്ടായ ചില മാറ്റങ്ങൾ സംവൃതോകാരപ്രശ്നത്തെ അതിസങ്കീർണ്ണമാക്കിക്കളഞ്ഞു എന്നതാണ് വാസ്തവം . മൂന്നുനൂറ്റാണ്ട് എന്നതു മൂന്ന്നൂറ്റാണ്ട് എന്ന മാറുകയല്ല ചെയ്തത്. പദങ്ങൾ ചേർത്തെഴുതുന്ന രീതി മലയാളത്തിന്റെ സമാസരീതിയ്ക്കിണങ്ങുന്നതാണ്. ഇംഗ്ലീഷെഴുത്തിന്റെ സ്വാധീനംകൊണ്ടോ എന്തോ ആ രീതി നാം പാടേ ഉപേക്ഷിച്ച മട്ടാണ് ഈയിടെ കാണുന്നത്. സംവൃതോകാരം പദാന്ത്യത്തിലാണു വരിക എന്നതിനാൽ സമസ്തപദത്തിന്റെ ഇടയിൽ വരുന്നിടത്ത് ചന്ദ്രക്കലയില്ലാത്ത ഉകാരംതന്നെ എഴുതാം. അതിനെ പിരിയ്ക്കുമ്പോൾ മൂന്ന് എന്ന് ഒരു പദമായി അതു നില്ക്കും. എന്നാൽ അത് മൂന്ന് എന്ന ചന്ദ്രക്കല മാത്രം ചേർത്തെഴുതുകയും പിരിച്ചെഴുതുകയും ശീലമായി. അങ്ങിനെ അത് മൂന്ന് നൂറ്റാണ്ട് എന്നായി മാറി . മുമ്പ് ഒരു എന്നത് വേറിട്ടെഴുതുമ്പോഴും ഉകാരം തന്നെയാണ് ഉപയോഗിച്ചിരുന്നത്. കോളേജിലെയും മറ്റും കുട്ടികൾ ഒരു എന്നത് ഒര് എന്നെഴുതുന്നത് പതിവായി. നാടുകൾ എന്നത് നാട്കൾ എന്നെഴുതാനും മടിക്കുന്നില്ല എന്നുവരുമ്പോൾ /ട്ക/ എന്ന പ്രചാരത്തിലില്ലാത്ത ഒരു കൂട്ടക്ഷരം സംഭവനചെയ്യുന്ന എന്നതാണ് പുതിയ എഴുത്തുരീതിയുടെ തകരാറ്. അതായത് സംവൃതോകാരത്തിലെ പ്രശ്നം പരിഹരിക്കാൻ പഴയരീതിയിൽ സമസ്തപദങ്ങൾ ചേർത്തുതന്നെ എഴുതുന്ന രീതി തിരിച്ചുപിടിക്കണം.

എന്നാൽ വിദേശപദങ്ങളിൽ ഏതു വ്യഞ്ജനവും ചില്ലായി നില്ക്കാം എന്നതിനാൽ അതിന് ചന്ദ്രക്കലതന്നെ ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്യാമോ എന്ന് ചിന്തിക്കേണ്ടതുണ്ട് . മാർക്ക്+ഇല്ല=മാർക്കില്ല എന്നെഴുതുമ്പോൾ മലയാളത്തിന്റെ സന്ധിനിയമമാണ് നാം പാലിക്കുന്നത്. മാർക്ക് +ലിസ്റ്റ് എന്നിടത്ത് മാർക്ക്ലിസ്റ്റ് എന്നാണോ മാർക്ക്ലിസ്റ്റ് എന്നാണോ വേണ്ടത് , അതോ മലയാളത്തിന്റെ എഴുത്തുരീതിയനുസരിച്ച് മാർക്കുലിസ്റ്റ് എന്നാണോ വേണ്ടത്. ഇംഗ്ലീഷ് ഭാഷ എന്ന വേർപിരിച്ചേ എഴുതാൻ പറ്റൂ. ഇംഗ്ലീഷുഭാഷ എന്ന് ചേർത്തെഴുതാം. വിദേശപദത്തെയും സ്വദേശപദത്തെയും സമാസിക്കുന്നിടത്ത് മിക്കപ്പോഴും ഈ പ്രശ്നം ഉണ്ടാകുന്നുണ്ട്. എല്ലാ കൂട്ടക്ഷരങ്ങളും പിരിക്കാൻ കഴിയില്ലെന്നും അക്ഷരാതിർത്തി കൂട്ടക്ഷരത്തിനിടയിൽ വരുന്നിടത്തു മാത്രമേ അതു സാദ്ധ്യമാവൂ എന്നും അതിനാൽ പിരിച്ചെഴുതൽ സർവ്വത്ര പ്രയോഗിക്കാൻ കഴിയില്ലെന്നും സ്റ്റൈൽ പുസ്തകത്തെക്കുറിച്ചുള്ള ചർച്ചയിൽ ടി. ബി. വേണുഗോപാലപ്പണിക്കർ വിവരിക്കുന്നുണ്ട്. ബ്രിട്ടീഷ്കാർ (ബ്രിട്ടീഷ്കാർ ) എന്ന ഒരു കൂട്ടക്ഷരം നാമുപയോഗിക്കുകയില്ല. ബ്രിട്ടീഷുകാർ എന്ന് ഉകാരംതന്നെ ഉപയോഗിച്ച് ചേർത്തെഴുതുകയാണ് ചെയ്യുക. ഫ്രഞ്ചുഗവണ്മെന്റ് എന്ന ചേർന്നു നില്ക്കുന്നതാണ് സമാസഭാഷയായ മലയാളത്തിൽ നല്ലത്. എന്നാൽ അത് ചേർത്തെഴുതുമ്പോൾ എന്തോ ഒരു പന്തികേട് പലർക്കും തോന്നുന്നുണ്ട്. പദതലത്തിലല്ലാതെ ഇംഗ്ലീഷ് മലയാളത്തെ സ്വാധീനിക്കുന്നതിന്റെ ഒരു സൂചനയാണിത്. ഇതു വളർന്നാണ് എല്ലായിടത്തും പിരിച്ചെഴുതുക എന്ന രീതിയുണ്ടാകുന്നത്.

സമസ്തപദം പിരിച്ചെഴുതുന്നത് എഴുത്തിൽ മാത്രം ഒതുങ്ങിനില്ക്കുന്ന ഒന്നല്ല . അതിന് വ്യാകരണപരമായ പ്രാധാന്യമുണ്ട്. വിശേഷണമാകുമ്പോൾ ഇരട്ടിപ്പുകൊണ്ടാണ് ദൃഢവ്യഞ്ജനങ്ങളിൽ അതു കാണിക്കുക . ഖരദ്വിത്വം അപ്രധാനതയെയും അനുനാസികസംസർഗ്ഗം പ്രാധാന്യത്തെയും കാണിക്കാനുള്ള ഉപാധികളാണ് എന്നു കേരളപാണിനി പറയുന്നുണ്ട്. പച്ചത്തത്ത എന്നതിൽ പച്ച വിശേഷണം. തത്തപ്പച്ചയിൽ തത്ത വിശേഷണം. എഴുത്തിൽ ഇരട്ടിപ്പിനോടൊപ്പം പ്രധാനമാണ് ചേർത്തെഴുതുന്നത്. സന്ധിയിൽ മാത്രമല്ല അല്ലാത്തിടത്തും ഇതു പ്രസക്തമാണ്. ``അദ്ദേഹം ആ ശ്രമത്തിൽ അന്ത്യംവരെ ജീവിച്ചു.'' ``അദ്ദേഹം ആശ്രമത്തിൽ അന്ത്യംവരെ ജീവിച്ചു.'' ഈ വാക്യങ്ങളുടെ അർത്ഥം മാറുന്നത് ഒറ്റ ശൂന്യചിഹ്നത്തി(സ്പേയ്സ്)ന്റെ അഭാവംകൊണ്ടാണ്. അപ്രധാനമായിടത്ത് ചേർത്തും പ്രധാന്യമുള്ളിടത്ത് വിട്ടും ആണ് മലയാളം പറയുകയെന്നും അങ്ങിനെത്തന്നെയാണ് എഴുതേണ്ടതെന്നും കുട്ടികൃഷ്ണമാരാർ മലയാളശൈലി എന്ന പുസ്ത -

കത്തിൽ ഒരു നിയമമായി പറയുന്നുണ്ട്. അനപ്രയോഗങ്ങൾ ചേർത്തെഴുതണമെന്നു പറയുന്നത് അതു-കൊണ്ടാണ്. ``ബസ്സിൽനിന്നു വീണു" എന്ന അർത്ഥമല്ല `` ബസ്സിൽ നിന്ന് വീണു " എന്നതിന്. രണ്ടാമത്തേ-തിൽ ബസ്സിൽ സീറ്റുകിട്ടാഞ്ഞിട്ടാവാം, നിന്നുകൊണ്ട് യാത്രചെയ്യുമ്പോൾ വീണു എന്നാണ് മനസ്സിലാവുക . ശൂന്യചിഹ്നം മലയാളത്തിൽ വെറുമൊരു വിടവുമാത്രമല്ല വ്യാകരണകാര്യംതന്നെയാണ് എന്നർത്ഥം. എന്നാൽ അത്തരം പരിഗണനകളെയെല്ലാം കാറ്റിൽപ്പറത്തിക്കൊണ്ട് സർവ്വത്ര പിരിച്ചെഴുതുന്നത് കുട്ടികളുടെ മാത്രമല്ല ഇരുത്തംവന്ന പത്രമാദ്ധ്യമങ്ങളുടെക്കൂടി പതിവായിരിക്കുന്നു. അതു ടൈപ്പുചെയ്യുന്നവരുടെ പിഴവാണോ എന്നു വ്യക്തമല്ല. ദീർഘമായ സമസ്തപദങ്ങളിൽ ഈരണ്ടെണ്ണംവീതം ചേർത്തെഴുതാമെന്നാണ് സ്റ്റൈൽപ്പു-സ്തകം നിർദ്ദേശിക്കുന്നത്. എഴുത്തച്ഛന്റെയും മറ്റും കവിതകൾ അത്തരത്തിൽ അച്ചടിച്ചുവരുന്നത് ആലോചി-ക്കാൻതന്നെ പ്രയാസമാണ്.

ഓരോ പത്രവും തനതായ സ്റ്റൈൽബുക്ക് സൂക്ഷിക്കുന്നുണ്ട്. അത് ലിപിയുടെ ദൃശ്യഭംഗിയുമായി ബന്ധപ്പെട്ട ഒരു കാര്യമാണ്. എന്നാൽ ഭാഷയുടെ തനിമതന്നെ തകർത്തുകളയുന്ന ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കാൻ ഏഴുത്തിനെ ഏകീകരിക്കേണ്ടതു് ആവശ്യമാണ്. അത് ലിപികളിൽ മാത്രം ഒതുങ്ങുന്ന കാര്യമല്ല. മലയാളമെ-ഴുത്തിന്റെ രീതികൾ മുഴുവനും പരിഗണിക്കേണ്ട വിഷയമാണ്. തല്ക്കാലം പത്രങ്ങളെല്ലാംകൂടി ഒന്നിച്ചിരുന്ന് അതിനു ശ്രമിച്ചാൽത്തന്നെ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാനാകും. എഴുത്തിനുപകരം ഡി.ടി.പി.-യും ഫാക്സിനുപകരം ഇ-മെയിലും വ്യാപകമാകുന്ന കാലമാണ് വരുന്നത്. ഡിജിറ്റലായി വരുന്ന എന്തും അവരവരുടെ സ്റ്റൈലിലേക്ക് കൺവെർട്ടു ചെയ്യാവുന്ന സംവിധാനങ്ങളാണ് വേണ്ടിവരിക . അത്തരം സംവി-ധാനങ്ങൾ വന്നാലേ ഒരുമിച്ചിരുന്നു തീരുമാനിക്കുന്ന കാര്യങ്ങൾപോലും നടപ്പിലാക്കാനാവൂ. വളരെയേറെ സമയവും അദ്ധ്വാനവും ചെലവഴിച്ചുകൊണ്ട് ഭാഷയെ രക്ഷിക്കാൻ ഇന്നത്തെ തിരക്കുപിടിച്ച മത്സരലോകത്ത് പത്രങ്ങൾക്ക് കഴിയുമെന്നു് തോന്നുന്നില്ല . യൂണിക്കോഡിനെ അടിസ്ഥാനമാക്കിയ ഒരു ഏകീകൃതരീതി അവലംബിക്കേണ്ടതുണ്ട്. അതിനെക്കുറിച്ച് ആലോചിക്കാൻ നാം ഇപ്പോൾത്തന്നെ വൈകിയിരിക്കുന്നു. ഒറ്റ-പ്പെട്ടാണെങ്കിലും പലതരം ശ്രമങ്ങൾ നടക്കുന്നുണ്ട്. അവയെ ഏകോപിപ്പിക്കാൻ ഇന്റർനെറ്റുതന്നെയാകും ഉപാധി. ഉടനടൻ പ്രതികരണങ്ങൾ ലഭിക്കും എന്നതാണ് അതിന്റെ ഏറ്റവും വലിയ നേട്ടം. വ്യത്യസ്ത പ്രോഗ്രാമുകളുടെതന്നെ കീബോർഡുപോലും ഏകീകരിക്കേണ്ടതാണ്. കാരണം നമുക്കിനി വേണ്ടതു് സ്പെൽ-ചെക്കും ഗ്രാമർചെക്കും അതുപോലുള്ള മറ്റു പ്രോഗ്രാമുകളുമാണ്. ഭാഷയുടെവികാസം തീർച്ചയായും ഡിജറ്റൽ സാങ്കേതികതയിലൂടെയാണ്. അതിനു ശ്രമിക്കുന്നില്ലെങ്കിൽ ഭാഷ പിന്തള്ളപ്പെട്ടുപോകും എന്ന ഭീഷണിക്കൂടി നമുക്കുണ്ട്. മലയാളത്തെ സംബന്ധിച്ച് സാങ്കേതികവളർച്ചയുടെ ആദ്യചുവടുകളാണ് നാം വെച്ചുകൊണ്ടിരിക്കുന്നത്. ഏകീകരണത്തിന് ഏറ്റവും അനുയോജ്യമായ സമയവും ഇതുതന്നെയാണ്. എല്ലാം രൂപപ്പെട്ടു കഴിഞ്ഞാൽ ഏകീകരണം പ്രയാസകരമാകും. ഇപ്പോൾത്തന്നെ വൈകിയിട്ടുണ്ട്. കടലാസും മഷി-യും ഉപയോഗിക്കുന്നലോകം ഈ ഏകീകൃതരീതിയെ പിന്തുടരുമെന്നതിൽ സംശയമില്ല. കാരണം പത്രാദി മാ-ദ്ധ്യമങ്ങളെല്ലാം അച്ചടിയ്ക്ക് കമ്പ്യൂട്ടർ പ്രോഗ്രാമുകളെയാണ് ആശ്രയിക്കുന്നത് . സർക്കാറിനെയും മറ്റുള്ളവ-രെയും കാത്തിരിക്കേണ്ടതില്ല. സർക്കാർ പാസ്സാക്കുന്ന നിയമംകൊണ്ടല്ല നമ്മുടെ ശീലംകൊണ്ടാണ് ഭാഷ-യിൽ നിയമങ്ങളുണ്ടാകുന്നത്.

കയ്യെഴുത്തിന്റെ കാര്യത്തിൽ ഒരു മലയാളി എഴുതുന്നത് മറ്റൊരു മലയാളിക്ക് മനസ്സിലാകാത്തരീതിയിലേക്കാണ് നാം കുതിച്ചുകൊണ്ടിരിക്കുന്നത്. അതുപക്ഷെ ഡിജിറ്റൽ ടെക്നോളജികൊണ്ട് പരിഹരിക്കാൻ കഴിയുന്നതല്ല. വിദ്യാഭ്യാസരംഗത്ത് നടത്തുന്ന ആസൂത്രണങ്ങൾകൊണ്ടു മാത്രമേ അതു സാദ്ധ്യമാവൂ. അക്ഷരത്തിന്റെ രൂപവും എഴുത്തുവടിവുകളും സ്കൂൾവിദ്യാർത്ഥികൾക്കുമാത്രമല്ല പല അദ്ധ്യാപകർക്കുപോലും തിട്ടമില്ലാതായിരിക്കുന്നു. പുതിയ പാഠ്യപദ്ധതിയാകട്ടെ എഴുത്തിനെ പാടേ അവഗണിച്ചുകഴിഞ്ഞു. പാഠ്യപദ്ധതിയുടെ പുതിയ ചട്ടക്കൂടിലും എഴുത്തിനെ പരിഗണിക്കുന്നേയില്ല. അദ്ധ്യാപകപരിശീലനകോഴ്സുകളിൽപ്പോലും ഇത് വേണ്ടത്ര പരിഗണിക്കപ്പെടുകയോ ചർച്ച ചെയ്യപ്പെടുക-യോ ചെയ്യുന്നില്ല. ഏകീകരകണത്തോടൊപ്പം പാഠ്യപദ്ധതികൂടി ഇതിനെ പിന്തുടരുകയാണെങ്കിൽ ഭാവിയിൽ ഈ പ്രശ്നം വരാതെ കഴിക്കാം. എഴുപതുകൾ മുതൽ രണ്ടായിരത്തിയേഴുവരെയുള്ള തലമുറകളുടെ എഴുത്ത് ചരിത്രത്തിലെ ഇരുണ്ടയുഗമായിത്തന്നെ അറിയപ്പെട്ടേക്കാം. തീരുമാനിക്കേണ്ടതു് നമ്മൾ മലയാളികൾ മുഴുവ-നുമാണ്. അണ്ണാറക്കണ്ണനും തന്നാലായതു് എന്ന നിലയിൽ തീവ്രമായ ശ്രമങ്ങൾവേണം. സാങ്കേതിക-ജ്ഞാനമുള്ളവർക്ക് ഭാഷയിൽ പാണ്ഡിത്യം പോരാ. ഭാഷാപണ്ഡിതരാകട്ടെ സാങ്കേതികതയിൽ തികഞ്ഞ അജ്ഞരും. പരസ്പരം കുറ്റപ്പെടുത്തുകയോ മിഥ്യാഭിമാനംകൊണ്ട് പുളയുകയോ അല്ല പരസ്പരസഹകരണ -മാണ് ആവശ്യം. വരും തലമുറകൾക്ക് ഏറ്റവും എളുപ്പം പഠിക്കാവുന്ന ഒരു ഭാഷ ബാക്കിവെക്കാനുള്ള ശ്രമ-ത്തിൽ പങ്കാളികളാവുകയാണ് വേണ്ടതു്. അതിനു കഴിയുമെന്നുതന്നെ പ്രത്യാശിക്കാം. ഇന്നല്ലെങ്കിൽ നാളെ വിജയിക്കുന്ന ഒരു ശ്രമത്തിന് ഉടക്കമിടുകയെങ്കിലും ചെയ്യാം.

Published in തർജ്ജനി, ഡിസംബർ 2007, Volume 3, No. 12